(ബി) പ്രസ്തുത പഞ്ചായത്തിന് ഭൂമി ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രസ്തുത അപേക്ഷ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റേതായി നിലവിൽ ഒരു പഞ്ചായത്ത് ഓഫീസ് ഉള്ളതായി അപേക്ഷയോടൊപ്പമുള്ള സ്കെച്ചിൽ പരാമർശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റേതായി ഒരു കെട്ടിടം നിലനിൽക്കെ സമാന ആവശ്യത്തിനായി സർക്കാർ ഭൂമി ആവശ്യപ്പെടുന്നത് സംബന്ധിച്ചും ജലസേചന വകുപ്പിന്റെ അധീനതയിലുള്ള ഭൂമി റവന്യൂ വകുപ്പിലേക്ക് നിക്ഷിപ്തമാക്കിയിട്ടുണ്ടോ എന്നുമുള്ള വിവരങ്ങളടങ്ങിയ റിപ്പോർട്ട് ലഭ്യമാക്കാൻ 27-5-2014, 14-11-2014 എന്നീ തീയതികളിൽ കോഴിക്കോട് ജില്ലാകളക്ടറോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(ബി) റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ അർഹത പരിശോധിച്ച് ഗ്രാമപഞ്ചായത്തിന് ഭൂമി അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ.

പേരാമ്പ്ര മലബാർ മാർക്കറ്റിംഗ് കമ്മിറ്റിക്ക് ഏറ്റെടുത്ത ഭൂമി

136 (5219) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാമ്പ്രയിലെ മലബാർ മാർക്കറ്റിംഗ് കമ്മിറ്റിക്ക് വേണ്ടി ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരം കോഴിക്കോട് ജില്ലയിൽ ഏതെല്ലാം വില്ലേജുകളിലാണ് ഭൂമി ഏറ്റെടുത്തിരുന്നത് ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഭൂമിയുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ ;

(സി) മലബാർ മാർക്കറ്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം സർക്കാർ അവസാനിപ്പിച്ചത് എപ്പോഴാണ് ; ഏത് ഉത്തരവ് പ്രകാരമാണ് അവസാനിപ്പിച്ചത് എന്നും പ്രസ്തുത ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ ;

(ഡി) പൊതു ആവശ്യത്തിന് അക്വയർ ചെയ്ത ഭൂമി പ്രസ്തുത ആവശ്യത്തിന് ഉപയോഗിക്കാത്ത സാഹചര്യം വന്നാൽ ആയത് മറ്റ് സർക്കാർ വകുപ്പുകൾക്കോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കോ നൽകണമെന്ന് ഉത്തരവിറക്കിയിട്ടുണ്ടോ ; വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഒരിക്കൽ ഭൂമി ഒരു പ്രത്യേക ആവശ്യത്തിന് ഏറ്റെടുത്ത് കഴിഞ്ഞാൽ പ്രസ്തുത ഉദ്ദേശ്യത്തിനായി ആ ഭൂമി ഉപയോഗിച്ചില്ലെങ്കിൽ സർക്കാർ നഷ്ടപരിഹാരം നൽകിയ ഭൂവുടമയ്ക്ക് ആ ഭൂമിയുടെ മേൽ അവകാശമുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(എഫ്) ജി.ഒ. (എം.എസ്) 303/2000/ആർ.ഡി. തിയതി 28-9-2000-ലെ ഉത്തരവു പ്രകാരം സർക്കാർ മലബാർ മാർക്കറ്റിംഗ് കമ്മിറ്റിയുടെ പേരാമ്പ്രയിലെ ഭൂമിയുമായി ബന്ധപ്പെട്ട് എടുത്ത നടപടികൾ വിശദമാക്കുമോ ;

(ജി) ഈ ഭൂമി മുൻ ഉടമയ്ക്ക് വിട്ടുകൊടുത്തത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ; പ്രസ്തുത ഭൂമി പൊതു ആവശ്യത്തിന് വിട്ടുതരണമെന്ന് പേരാമ്പ്ര ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടിരുന്നുവോ ; ഉണ്ടെങ്കിൽ എപ്പോഴാണ് ആവശ്യപ്പെട്ടത് ; വ്യക്തമാക്കുമോ ; ബഹു.ഹൈക്കോടതി ഭൂമി മുൻ ഉടമയ്ക്ക് വിട്ടുകൊടുക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവോ ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;സർക്കാർ ഉത്തരവിനെതിരെ പേരാമ്പ്ര ഗ്രാമപഞ്ചായത്ത് സ്റ്റേ സമ്പാദിച്ചത് എപ്പോഴാണ് എന്ന് അറിയിക്കാമോ ; ഭൂമി പൊതു ഉടമസ്ഥതയിലാക്കുന്നത് സംബന്ധിച്ചും കേസുമായി ബന്ധപ്പെട്ടും സർക്കാർ നിയമോപദേശം തേടിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആരുടെയൊക്കെ നിയമോപദേശമാണ് തേടിയിട്ടുള്ളത് ; എപ്പോഴാണ് നിയമോപദേശം തേടിയത് വെളിപ്പെടുത്തുമോ ; നിയമവകുപ്പ്, അഡ്വക്കേറ്റ് ജനറൽ എന്നിവർ എന്ത് നിയമോപദേശമാണ് ഇക്കാര്യത്തിൽ നൽകിയിട്ടുള്ളത് ; നിയമോപദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ ; നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത ഭൂമി സ്വകാര്യ വ്യക്തിക്ക് വിട്ടുകൊടുക്കുന്ന ഉത്തരവ് റദ്ദ് ചെയ്ത് ഭൂമി സർക്കാർ ഉടമസ്ഥതയിലാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി താലൂക്കിലെ മേഞ്ഞാണ്യം വില്ലേജിൽപ്പെട്ട ഭൂമിയാണ് ഏറ്റെടുത്തിരുന്നത്.

(ബി) പ്രസ്തുത ഭൂമി സർക്കാരിൽ നിക്ഷിപ്തമാണ്.

(സി) 19-2-1998-ലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഒ.പി.നമ്പർ 13907/94 നമ്പർ വിധി പ്രകാരം.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ട്. 22-12-2000-ലെ ജി.ഒ. (എം.എസ്.) നമ്പർ 387/2000/റവ പ്രകാരം പൊതുആവശ്യത്തിന് അക്യയർ ചെയ്ത ഭൂമി പ്രസ്തുത ആവശ്യത്തിന് ഉപയോഗിക്കാത്ത സാഹചര്യം വന്നാൽ ആയത് മറ്റ് സർക്കാർ വകുപ്പുകൾക്കോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കോ നൽകാമെന്ന് ഉത്തരവായിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) 29-7-2003-ലെ ജി.ഒ (ആർ.ടി.) നമ്പർ 2219/2003/റവ പ്രകാരം ടി ഭൂമി സ്വകാര്യ വ്യക്തിക്ക് കൈമാറാൻ ഉത്തരവായെങ്കിലും പ്രസ്തുത നടപടിക്കെതിരെ പേരാമ്പ്ര ഗ്രാമപഞ്ചായത്ത് ഡബ്ല്യു.പി (സി) 2228/12 പ്രകാരം സ്റ്റേ സമ്പാദിച്ചിട്ടുണ്ട്.

(ജി) 29-7-2003-ലെ ജി.ഒ.(ആർ.ടി.)നമ്പർ 2219/2003/റവ പ്രകാരമാണ് ഭൂമി മുൻ ഭൂവുടമയ്ക്ക് കൈമാറാൻ ഉത്തരവായത്. പകർപ്പ് അനുബന്ധം 1 ആയി ചേർക്കുന്നു.* പ്രസ്തുത ഭൂമി പൊതുആവശ്യത്തിന് വിട്ടുതരണമെന്ന് പേരാമ്പ്ര ഗ്രാമപഞ്ചായത്ത് 18-2-2013-ന് ആവശ്യപ്പെട്ടിട്ടുണ്ട്. പൊതുആവശ്യത്തിന് ഏറ്റെടുത്ത പ്രസ്തുത ഭൂമി സർക്കാരിന് നഷ്ടപ്പെടാതിരിക്കാൻ എന്ത് നടപടി സ്വീകരിക്കാനാകുമെന്ന് 4-12-2014-ലെ 24705/ബി1/2008/ആർ.ഡി.നമ്പർ കത്ത് പ്രകാരം അഡ്വക്കേറ്റ് ജനറലിനോട് നിയമോപദേശം തേടിയിട്ടുണ്ട്. പകർപ്പ് അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.* അഡ്വക്കേറ്റ് ജനറൽ നിയമോപദേശം നൽകിയിട്ടില്ല. ഭൂമി വിട്ടുനൽകിയ സർക്കാർ തീരുമാനത്തിൽ ഇടപെടാനാകില്ലെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനെതിരെ പേരാമ്പ്ര ഗ്രാമപഞ്ചായത്ത് ഡബ്ല്യു.പി. (സി) 2228/12 പ്രകാരം സ്റ്റേ സമ്പാദിച്ചിട്ടുണ്ട്. ടി കേസിന്മേലുള്ള ഹൈക്കോടതിയുടെ അന്തിമവിധിക്കനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

കോഴിക്കോട് പൂളക്കോട് എക്സൈസ് വകുപ്പിന് കെട്ടിടത്തിന് ഭൂമി

137 (5220) <u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് ജില്ലയിലെ പൂളക്കോട് വില്ലേജിൽ ഉൾപ്പെട്ട റവന്യൂ ഭൂമിയിൽ നിന്ന് എക്സൈസ് വകുപ്പിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ ഭൂമി ലഭ്യമാക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

<u>ഉത്തരം</u>

സബ് കളക്ടർ സമർപ്പിച്ച ഭൂമി കൈമാറ്റ ശിപാർശയിൽ അപാകതകൾ ഉള്ളതിനാൽ ആയത് പരിഹരിച്ച് വീണ്ടും സമർപ്പിക്കാൻ ജില്ലാകളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് ഭൂമി കൈമാറ്റ ശിപാർശ ലഭ്യമാക്കുന്ന മുറയ്ക്ക് ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതാണ്.

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly